ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:22.12.2024**

## പ്രധാനവാർത്തകൾ

1) **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കുവൈറ്റ് സന്ദർശനം പുരോഗമിക്കുന്നു; കുവൈറ്റ് നേതൃത്വവുമായി പ്രധാനമന്ത്രി ഇന്ന് ചർച്ച നടത്തും.**

2) **ഊർജ്ജ, നഗരകാര്യ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രി മനോഹർ ലാലിൻറെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് അവലോകന യോഗം ചേരുന്നു.**

3) **വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരുധിവാസം ചർച്ച ചെയ്യാൻ ഇന്ന് പ്രത്യേക മന്ത്രിസഭായോഗം.**

4) **അടുത്ത ബാച്ച് കെഎഎസ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

5) **സൗഖ്യം സദാ ആൻറിബയോട്ടിക് സാക്ഷരത യജ്ഞം ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് പത്തനംതിട്ടയിൽ നിർവഹിക്കും.**

6) **അണ്ടർ 19 ഏഷ്യ കപ്പ് വനിതാ ടി-20 ക്രിക്കറ്റ് കിരീടം ഇന്ത്യയ്ക്ക്; ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മൊഹമദൻ എസ് സി പോരാട്ടം.**

**************************************************************

RNUTVPM

## പ്രധാനമന്ത്രി

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കുവൈറ്റിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കുവൈറ്റ് നേതൃത്വവുമായി ചർച്ച നടത്തും. പ്രധാനമന്ത്രിയ്ക്ക് കുവൈറ്റ് ഭരണകൂടം ബയാൻ കൊട്ടാരത്തിൽ ആചാരപരമായ ഗാർഡ് ഓഫ് ഓണർ നൽകും. തുടർന്ന് കുവൈറ്റ് അമീറുമായും കിരീടാവകാശിയുമായും ഉന്നതതല യോഗങ്ങളും കുവൈറ്റ് പ്രധാനമന്ത്രിയുമായുള്ള പ്രതിനിധി തല ചർച്ചകളും നടക്കും. കുവൈറ്റ് അമീറിൻറെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. 43 വർഷത്തിന് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്.

************************************************************

## മനോഹർലാൽ

ഊർജ്ജ, നഗരകാര്യ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രി മനോഹർ ലാലിൻറെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് അവലോകന യോഗം പുരോഗമിക്കുന്നു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി കെ കൃഷ്ണൻ കുട്ടി എന്നിവരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. മുഖ്യമന്ത്രി പിണറായി വിജയനുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും. നാളെ കൊച്ചി സന്ദർശിക്കുന്ന കേന്ദ്രമന്ത്രി വാട്ടർ മെട്രോ പ്രവർത്തനങ്ങളും വിലയിരുത്തും.

RNU TVPM

************************************************************

## പ്രത്യേക മന്ത്രിസഭായോഗം

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരുധിവാസം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേക മന്ത്രിസഭായോഗം ഇന്ന് ചേരും. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഓൺലൈനായാണ് യോഗം. മുണ്ടക്കൈ പുനരധിവാസ കരട് പട്ടികക്കെതിരെ വ്യാപക പ്രതിഷേധം ഉയർന്ന സാഹചര്യത്തിലാണ് യോഗം.

************************************************************

**മുഖ്യമന്ത്രി (ഇൻട്രോ)**

സമൂഹത്തിലെ മാറ്റങ്ങൾക്കും നവീകരണത്തിനുമുള്ള പുതിയ പാത തെളിയിക്കുന്നവരാണ് കെഎഎസ് ഉദ്യോഗസ്ഥരെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെഎഎസ് ഒന്നാം വാർഷിക ദിനാഘോഷം തിരുവനന്തപുരത്തു ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരുടെ മാതൃകയിൽ നിശ്ചിത ഇടവേളകളിൽ കെ എ എസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ട് . അടുത്ത ബാച്ച് കെഎഎസ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന നടപടികൾ അന്തിമഘട്ടത്തിൽ ആണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് ഫോർ വോയ്സ്)

************************************************************

RNU TVPM

**സൗഖ്യം സദാ**

സൗഖ്യം സദാ ആന്റിബയോട്ടിക് സാക്ഷരത യജ്ഞം ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് പത്തനംതിട്ടയിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കും. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിൻറെ സ്പാർക്ക് പദ്ധതിയുടെ ഭാഗമായി നാഷണൽ സർവീസ് സ്കീമുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. ആധുനിക ലോകത്തെ അശാസ്ത്രീയമായ മരുന്നുപയോഗ ശീലങ്ങൾ തിരിച്ചറിയുന്നതിലൂടെ സ്വയം പാകപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കാനും അവരിലൂടെ സമൂഹത്തിൽ അവബോധം വളർത്താനും ലക്ഷ്യമിട്ടാണ് പരിപാടി.

************************************************************

**ക്ഷേമപെൻഷൻ തട്ടിപ്പ്**

ക്ഷേമ പെൻഷൻ തട്ടിപ്പിൽ പൊതുഭരണ വകുപ്പിലെ ആറ് ജീവനക്കാർക്ക് നോട്ടീസ്. 18 ശതമാനം പലിശ നിരക്കിൽ അനധികൃതമായി കൈപ്പറ്റിയ പണം തിരികെ അടയ്ക്കണമെന്ന് നോട്ടീസിൽ ആവശ്യപ്പെടുന്നത് 22,600 രൂപ മുതൽ 86,000 രൂപ വരെയാണ് തിരികെ അടയ്ക്കേണ്ടത്.പൊതുഭരണ വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർമാർക്കെതിരെയാണ് നടപടി.ജീവനക്കാരെ പിരിച്ചു

വിടാൻ നേരത്തെ പൊതുഭരണ വകുപ്പ് സെക്രട്ടറി ഉത്തരവിട്ടിരുന്നു.

*************************************************************

**കണ്ണൂർ (ഇൻട്രോ)**

കേന്ദ്ര സർക്കാരിൻറെ പ്രധാൻമന്ത്രി ഉച്ചതാർ ശിക്ഷ അഭിയാൻ അഥവാ പി.എം. ഉഷ പദ്ധതി പ്രകാരം കണ്ണൂർ സർവ്വകലാശാലയക്ക് 100 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്ത് 405 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് അനുവദിച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

**(ഹോൾഡ് വോയ്സ്.........)**

*************************************************************

**തളിപ്പറമ്പ് - മഞ്ഞപിത്തം**

കണ്ണൂർ ജില്ലയിലെ എല്ലാ നഗരങ്ങളിലെയും കുടിവെള്ള സ്രോതസ്സുകളെക്കുറിച്ച് അന്വേഷിക്കാൻ ആരോഗ്യവകുപ്പ് തീരുമാനിച്ചു. തളിപ്പറമ്പ് നഗരസഭ പരിധിയിൽ ഉണ്ടായ മഞ്ഞപിത്ത വ്യാപനത്തെ തുടർന്നാണ് തീരുമാനം. ജില്ലയിലെ വീടുകളിലെ നല്ലൊരു ശതമാനം കിണറുകളും ഇ- കോളി ബാക്റ്റീരിയ മൂലം മലിനമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.

*************************************************************

**എം.ടി**

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള സാഹിത്യകാരൻ എംടി വാസുദേവൻ നായരുടെ ആരോഗ്യ സ്ഥിതി മാറ്റമില്ലാതെ തുടരുന്നതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. ' തീവ്രപരിചരണ വിഭാഗത്തിൽ ചികിൽസയിലുള്ള അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്. അദ്ദേഹത്തിൻ്റെ ആരോഗ്യസ്ഥിതി വിദഗ്ധ മെഡിക്കൽ സംഘം വിലയിരുത്തുന്നുണ്ട്

*************************************************************

RNU TVPM

## തങ്കഅങ്കി രഥഘോഷയാത്ര (ഇൻട്രോ)

ആറന്മുള പാർഥ സാരഥി ക്ഷേത്രത്തിൽനിന്ന് രാവിലെ പുറപ്പെട്ട തങ്കഅങ്കി രഥഘോഷയാത്ര കാരംവേലി പിന്നിട്ടു. രഥഘോഷയാത്ര ബുധനാഴ്ച വൈകുന്നേരം സന്നിധാന ത്തെത്തും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്.........)

************************************************************

## വനിതാ ടി-20 കിരീടം

അണ്ടർ 19 ഏഷ്യ കപ്പ് വനിതാ ടി-20 ക്രിക്കറ്റ് കിരീടം ഇന്ത്യയ്ക്ക്.ക്വാലലംബൂരിൽ നടന്ന ഫൈനലിൽ ബംഗ്ലാദേശിനെ 41 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ആദ്യം ബാറ്റുചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 117 റൺസ് നേടിയിരുന്നു. മറുപടി ബാറ്റിങ്ങിൽ ബംഗ്ലാദേശ് 18.3 ഓവറുകളിൽ 76 റൺസ് എടുക്കുന്നതിനിടെ എല്ലാവരും പുറത്തായി.

PNU TVPM

************************************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മൊഹമദൻ എസ് സി പോരാട്ടം. കൊച്ചിയിൽ വൈകുന്നേരം 7 .30 നാണ് മത്സരം. നിലവിലെ പോയിൻറ് പട്ടികയിൽ കേരളം പതിനൊന്നാമതും മൊഹമദൻ എസ് സി പതിമൂന്നാമതും ആണ്. അതേസമയം മത്സരം കാണാൻ എത്തുന്നവരുടെ സൗകര്യാർത്ഥം കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചിട്ടുണ്ട്. രാത്രി 9.30 നുശേഷം 11 മണിവരെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് പത്ത് സർവീസുകൾ ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും ഉണ്ടാകുമെന്ന് കൊച്ചി മെട്രോ അറിയിച്ചു.

************************************************************

**സന്തോഷ് ട്രോഫി**

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഇന്ന് ഡൽഹിയുമായി ഏറ്റുമുട്ടും. വൈകുന്നേരം 7.30 നാണ് മത്സരം.

**************************************************************

**മലബാർ ഉദ്യാന ഉത്സവം (ഇൻട്രോ)**

ശാസ്ത്ര -സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ഒരുക്കുന്ന മലബാർ ഉദ്യാന ഉത്സവം ആകർഷകമാകുന്നു. ആദ്യമായാണ് കോഴിക്കോട് ഇത്തരത്തിലുള്ള ഉദ്യാന ഉത്സവം നടക്കുന്നത്. **ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....**

**(ഹോൾഡ് വോയ്സ്.......)**

**************************************************************

**റോസ്ഗാർ മേള**

ദേശീയ റോസ്ഗാർ മേളയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ ആഭിമുഖ്യത്തിൽ നാളെ രാവിലെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗ് വഴി നിയമന ഉത്തരവുകൾ വിതരണം ചെയ്യും.

PNU TVPM

**************************************************************

**ഇലൂമിനേറ്റിങ് ജോയ്, സ്പ്രെഡിങ് ഹാർമണി**

പുതുവത്സര ആഘോഷങ്ങൾക്ക് തുടക്കമിട്ടുകൊണ്ട് 'ഇലൂമിനേറ്റിങ് ജോയ്, സ്പ്രെഡിങ് ഹാർമണി' എന്ന പേരിൽ ടൂറിസം വകുപ്പ് ഒരുക്കുന്ന ന്യൂ ഇയർ ലൈറ്റ് ഷോയുടെ ഉദ്ഘാടനം ഇന്ന് മന്ത്രി പിഎ മുഹമ്മദ് റിയാസ് കോഴിക്കോട് നിർവഹിക്കും. ജനുവരി ഒന്ന് വരെ ലൈറ്റ് ഷോയുണ്ടാകും.

**************************************************************

**മിനി മാരത്തൺ - കോഴിക്കോട്**

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവൽ സീസൺ നാലിൻറെ പ്രചരണാർഥം കോഴിക്കോട് ബീച്ചിൽ സംഘടിപ്പിച്ച

മിനി മാരത്തൺ മന്ത്രി പി എ മുഹമ്മദ് റിയാസ് ഫ്ളാഗ് ഓഫ് ചെയ്തു. കോഴിക്കോട് ബീച്ചിൽ നിന്ന് ബേപ്പൂർ ബീച്ച് വരെ 13 കിലോമീറ്റർ ആണ് മിനി മാരത്തൺ.

************************************************************

**വി ഡി സതീശൻ**

ചൂരൽ മലയിലും മുണ്ടക്കൈയിലും പുനരാധിവാസം ഉറപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണെന്നും ഇത് വരെ നടപടികൾ സ്വീകരിക്കാത്തത് ദൗർഭാഗ്യകരമാണെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സർക്കാർ തയ്യാറാക്കിയ പട്ടിക അബദ്ധമാണെന്നും ശ്രീ സതീശൻ പ്രതികരിച്ചു.

************************************************************

**കെ സുരേന്ദ്രൻ**

സഹകരണ മേഖലയെ ശുദ്ധീകരിക്കാനുള്ള ശ്രമം സംസ്ഥാന സർക്കാരിൻറെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സമരം ശക്തമാക്കുമെന്നും അദ്ദേഹം പറഞ്ഞു. കട്ടപ്പനയിൽ നിക്ഷേപകൻ ആത്മഹത്യ ചെയ്ത സംഭവം സഹകരണ കൊള്ളയുടെ മറ്റൊരു പതിപ്പാണെന്നും ശ്രീ സുരേന്ദ്രൻ തൃശൂരിൽ പറഞ്ഞു.

RNUTVPM

************************************************************

**നടിയെ ആക്രമിച്ച കേസ്**

നടിയെ ആക്രമിച്ച കേസിൽ തുറന്ന കോടതിയിൽ വാദം കേൾക്കണമെന്ന ഹർജി എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി തള്ളി. വിചാരണയുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നുണ്ടെന്നും, തുറന്ന കോടതിയിൽ വാദം കേൾക്കുന്നതിൽ എതിർപ്പില്ലന്നും ചൂണ്ടിക്കാണിച്ച് നടിയാണ് ഹർജി നൽകിയത്.

**************************************************************************************************************************

************************************************************